

പ്രഫ. എം. കെ. സാനു

# കേരള നവോത്ഥാനത്തിലെ ശുക്രനക്ഷത്രം

പുണ്യകർമങ്ങൾകൊണ്ട് ജീവിതം അർഥപൂർണമാക്കുന്നവർ കാലത്തെ അതിജീവിക്കുന്നു. മരണത്തിന്റെ അതിർത്തി ലംഘിച്ചുകൊണ്ട് അവർ നിത്യതയുടെ ഭാഗമായിത്തീരുന്നു. വാസ്തവത്തിൽ അവരുടെ ജീവിതം ആരംഭിക്കുന്നതുതന്നെ മരണത്തിനുശേഷമാണ്.

ഈ പൊതുനിയമത്തിന് ഉത്തമ ദൃഷ്ടാന്തമെന്നനിലയിലാണ് വാഴ്ത്തപ്പെട്ട ചാവറ കുര്യാക്കോസ് ഏലിയാസച്ചൻ ഇന്നും ജനങ്ങളുടെ ആരാധനാപാത്രമായി ശോഭിക്കുന്നത്. 1805-ൽ ജനിച്ച് 1871-ൽ സ്വർഗസ്ഥനായ ആ പുണ്യപുരുഷൻ മുഖ്യമായും ആധ്യാത്മികരംഗത്താണ് പ്രവർത്തനം സമർപ്പിച്ചത്. പതിനൊന്നാം വയസിൽ അൾത്താരബാലനാകുന്നതിൽ ആനന്ദമനുഭവിച്ചു. അതിന്റെ തുടർച്ചയായാണ് പൗരോഹിത്യവൃത്തിയുടെ പഠന ശിക്ഷണങ്ങൾക്കു വിധേയനാകുന്നത്. 24-ാം വയസിൽ അൾത്താരയിൽ ബലിയർപ്പിക്കുന്ന പുരോഹിതനായിത്തീരുകയും ചെയ്തു.

പുരോഹിതവൃത്തിയുടെ വിവിധ ഘട്ടങ്ങളിലൂടെയാണ് അന്ത്യംവരെ ആ ജീവിതം തുടരുന്നത്. ആ കാലയളവിൽ ഏവരുടെയും സ്നേഹബഹുമാനങ്ങൾ മാത്രമല്ല ചാവറയച്ചൻ നേടിയത്. അടുത്തിടപഴകുന്ന ആർക്കുംതന്നെ ആരാധനാ മനോഭാവത്തോടെയല്ലാതെ ആ പുണ്യപുരുഷനെ നോക്കുക സാധ്യമായിരുന്നില്ല. അത്രമാത്രം വിശുദ്ധമായ നിഷ്ഠകളോടെയാണ് തന്റെ പെരുമാറ്റങ്ങളും പ്രവൃത്തികളും അദ്ദേഹം നിയന്ത്രിച്ചുപോന്നത്. ആ നിയന്ത്രണത്തിനു പിന്നിൽ സുദൃഢമായ വിശ്വാസവും സമുന്നതമായ ദർശനവുമുണ്ടായിരുന്നു.

*മാന്നാനം ആശ്രമദേവാലയാങ്കണം*



ജീവിതത്തിന്റെ അന്ത്യഘട്ടത്തിൽ ചാവറയച്ചൻ വൈദിക സമൂഹത്തിനയച്ച കത്തിലെ ഒരു ഭാഗം നോക്കൂ:

“സ്നേഹിക്കപ്പെട്ട കൂടപ്പിറപ്പുകളേ, ഈ നമ്മുടെ എളിയ സമൂഹം മനുഷ്യർ ഉണ്ടാക്കിയതല്ല. പിന്നെയോ, തമ്പുരാൻ തന്നെ തന്റെ എത്രയോ പുതുമകളാൽ ഇതിനെ സ്ഥാപിക്കുകയും നടത്തുകയും വർധിപ്പിക്കുകയും ചെയ്തു എന്നതിന് നിങ്ങളെല്ലാവരും സാക്ഷികളായിരിക്കുന്നു. അതുകൊണ്ട് ഈ ദൈവികപ്രവൃത്തിക്കു ഭേദം വരുത്തുന്നതിന് മനുഷ്യരുടെ ഞെരുക്കങ്ങൾ മതിയാകില്ല. ഇതിന് ഒരേയൊരു കാര്യം തന്നെ മതിയായിരിക്കുന്നു. അതായത് നാം നമ്മുടെ ദൈവവിളിപ്പിനെ മറന്ന്, അതിന്റെ കടങ്ങളെ ഉപേക്ഷിച്ച്, നമ്മുടെ ജീവിതാന്തസിനടുത്ത മൂല്യങ്ങളായ എളിമ, അനുസരണം, പരസ്നേഹം, സന്യാസ അച്ചടക്കം, സമൃദ്ധമായ ഭക്തി എന്നീ പുണ്യങ്ങളെ വിചാരത്തിൽ മാത്രം പാലിച്ചാൽ മതിയെന്നുവച്ച് പ്രവൃത്തിയാലേ നിറവേറ്റാതിരിക്കുന്ന ഈ കൊവേന്തകളെ ചുരുങ്ങിയ കാലത്തിനകത്ത് ദൈവം ഇല്ലാതാക്കാൻ മതിയായിരിക്കയും ചെയ്യുന്നു.”

വിശ്വാസത്തിനനുസരണമായി ധ്യാനാത്മക ജീവിതം നയിക്കുന്നതുകൊണ്ടുമാത്രം ദൈവശുശ്രൂഷ പൂർണമാകുന്നില്ല എന്നതായിരുന്നു ചാവറയച്ചന്റെ വീക്ഷണം. മുകളിൽ ഉദ്ധരിച്ചിരിക്കുന്ന വാക്യങ്ങളിൽ അടങ്ങിയിട്ടുള്ള താക്കീതിന്റെ അർഥമതാണ്. ആചാരങ്ങളും അനുഷ്ഠാനങ്ങളുമല്ല, കരുണാർദ്രമായ സേവനകർമങ്ങളാണ് ദൈവവിശ്വാസത്തിന്റെ യഥാർഥമായ ആവിഷ്കാരമെന്ന് അച്ചൻ എപ്പോഴും ഓർമിപ്പിക്കുകയും ചെയ്തുപോന്നു. അച്ചൻ തറച്ചെഴുതുന്നു:

“ചുമരുകളുടെ കനമല്ല, അതിനുള്ളിൽ പാർക്കുന്നവരുടെ പുണ്യമാണ് സന്യാസസമൂഹത്തെ ബലമുള്ളതാക്കുന്നത്.”

യഥാർഥമായ ആത്മീയത ഒരിക്കലും ഭൗതിക ജീവിതത്തെ അവഗണിക്കുന്നില്ല. നാം ജനിക്കുന്ന സമുഹത്തിൽ നമ്മെ തൊട്ടുരുമ്മി നിൽക്കുന്ന ജീവിതവൈഷമ്യങ്ങളും പ്രശ്നങ്ങളും അഭിമുഖീകരിക്കേണ്ട ബാധ്യതയാണ് ദൈവം നമ്മിൽ സമർപ്പിച്ചിരിക്കുന്നത്. ഈ ബാധ്യത നിറവേറ്റുന്നതിന് വാഴ്ത്തപ്പെട്ട ചാവറയച്ചൻ പല മേഖലകളിലായി പ്രവർത്തനം വ്യാപിപ്പിച്ചു. എക്കാലവും വിജ്ഞാനദാഹിയായിരുന്ന ചാവറയച്ചൻ വിദ്യാഭ്യാസത്തിന് സമൂഹത്തിൽ വലിയ സ്ഥാനമുണ്ടാകണമെന്നു മനസിലാക്കി. ജാതിവ്യവസ്ഥമൂലം പള്ളിക്കൂടങ്ങളിൽ പോകാനോ പഠിക്കാനോ സാധിക്കാതെ വലയുന്ന കീഴ് ജാതിക്കാർക്കാണ് അതിന്റെ പ്രയോജനം ഏറെ ആവശ്യമെന്നും ചാവറയച്ചൻ അറിഞ്ഞു. അതിന്റെ ഫലമായാണ് പല ഭാഗങ്ങളിലും വിദ്യാലയങ്ങൾ സ്ഥാപിക്കാൻ അദ്ദേഹം മുൻകൈയെടുത്തത്.

ഇന്നു തിരിഞ്ഞുനോക്കുമ്പോൾ നമുക്കദ്ഭുതം തോന്നും. ചാവറയച്ചൻ തന്റെ ആശ്രമത്തോടുചേർന്ന് 1846-ൽ ഒരു സംസ്കൃത വിദ്യാലയംതന്നെ ആരംഭിച്ചിരുന്നു. അവിടെ അധ്യാപകനായി നിയമിച്ചത് തൃശൂർ സ്വദേശിയായ ഒരു വാര്യരെയാണ്. ആ വിദ്യാലയത്തിൽ പഠനം നടത്തുന്നതിന് ആശ്രമവാസികളായ വൈദികരെയും ശെമ്മാശന്മാരെയും ചേർക്കാൻ ഒട്ടും താമസമുണ്ടായില്ല. മറ്റ് ഇടവകകളിൽനിന്ന് തെരഞ്ഞെടുക്കപ്പെട്ട വൈദികരെയും പഠനത്തിനു നിയോഗിച്ചു. ഹിന്ദുമതത്തിന്റെ അടിസ്ഥാനതത്ത്വങ്ങൾ അറിഞ്ഞുകൊണ്ടല്ലാതെ സഭാപ്രവർത്തനം സാർഥകമാക്കാൻ സാധ്യമല്ലെന്ന് ചാവറയച്ചൻ എപ്പോഴും ഉദ്ബോധിപ്പിക്കുകയും ചെയ്തു.ഹിന്ദുമതത്തെ മാത്രമല്ല, ഇസ്‌ലാം മതത്തെയും ചാവറയച്ചൻ അങ്ങേയറ്റം ആദരിച്ചുപോന്നുവെന്നത് പ്രത്യേകമായി സ്മരിക്കേണ്ട വസ്തുതയാണ്.

പാശ്ചാത്യ സമ്പ്രദായത്തിലുള്ള വിദ്യാലയങ്ങൾ എല്ലാ ഇടവക പള്ളികളോടും ചേർന്ന് ആരംഭിക്കാനുള്ള നിർദേശവും 1864-ൽ ചാവറയച്ചൻ ഒരു സർക്കുലറിന്റെ രൂപത്തിൽ പള്ളികളിലേക്കയച്ചു. അന്ന് അച്ചൻ സീറോ-മലബാർ സഭയുടെ വികാരി ജനറാളായിരുന്നു. ആ നിർദേശം അനുസരി



***മാന്നാനം കുര്യാക്കോസ് ഏലിയാസ് കോളജ്***

ക്കേണ്ട ബാധ്യതയിൽനിന്ന് ഇടവക പള്ളികൾക്ക് ഒഴിഞ്ഞു മാറുക സാധ്യമായിരുന്നില്ല. അതിന്റെ ഫലമായി അനേകം സ്കൂളുകൾ സ്ഥാപിതമായി. ആ സ്കൂളുകളിൽ ദളിത് വിഭാഗത്തിൽപ്പെട്ട കുഞ്ഞുങ്ങൾക്കു പ്രത്യേക പ്രോത്സാഹനമാണ് നൽകിയത്.

തികഞ്ഞ ദാരിദ്ര്യത്തിലാണ് അക്കാലത്തു മിക്ക ദളിത് കുടുംബങ്ങളും കഴിഞ്ഞുപോന്നിരുന്നത്. ചാവറയച്ചൻ ആ കുഞ്ഞുങ്ങൾക്കു സൗജന്യമായി പുസ്തകവും വസ്ത്രവും നൽകി. അതോടൊപ്പം അവർക്ക് ഉച്ചക്കഞ്ഞി നൽകുന്നതിനുള്ള സംവിധാനവും ഏർപ്പെടുത്തി. കേരളത്തിന്റെ ചരിത്രത്തിൽ ദരിദ്ര വിദ്യാർഥികൾക്കു സൗജന്യഭക്ഷണം ആദ്യമായി നൽകിയത് ചാവറയച്ചനാണെന്ന് എത്രപേർ ഓർമിക്കുന്നു?

വിദ്യാഭ്യാസം മികവുറ്റ രീതിയിൽ നടക്കണമെങ്കിൽ അധ്യാപകർ അന്തസോടെ ജീവിക്കണമെന്നും ചാവറയച്ചൻ മനസിലാക്കിയിരുന്നു. അതുകൊണ്ട് അവർക്ക് തുലോം മെച്ചപ്പെട്ട ശമ്പളം നൽകാൻ എപ്പോഴും ശ്രദ്ധിക്കുകയും ചെയ്തു. സേവന സ്ഥിരത നൽകി അവരെ സുരക്ഷിതരാക്കാനും ചാവറയച്ചൻ മറന്നില്ല.

**ഇതൊക്കെയും നടക്കുന്നത് 1865 കാലത്താണെന്നോർമിക്കണം. അന്ന്, ശ്രീ നാരായണഗുരു കേവലം ഒമ്പതു വയസുള്ള ബാലൻ മാത്രമായിരുന്നു. മതമോ ജാതിയോ പരിഗണിക്കാതെ വിദ്യാഭ്യാസത്തിലൂടെ ഒരു സമൂഹത്തെ പാരതന്ത്ര്യത്തിന്റെ ചങ്ങലകളിൽനിന്നു മോചിപ്പിക്കാൻ കഠിനമായും സാഹസികമായും പരിശ്രമിച്ച ചാവറയച്ചനു നമ്മുടെ നവോത്ഥാന നായകരിൽ സുപ്രധാന സ്ഥാനമുണ്ടെന്നോർമിപ്പിക്കാനാണ് ഇക്കാര്യങ്ങൾ ഇവിടെ പ്രസ്താവിച്ചത്.**

സ്ത്രീകൾക്കു വിദ്യാഭ്യാസം നൽകുകയെന്നത് അന്ന് ആർക്കും ആലോചിക്കാൻ കഴിയുന്ന കാര്യമായിരുന്നില്ല. എങ്കിലും ക്രാന്തദർശിയായ ചാവറയച്ചന്റെ കണ്ണുകൾ സ്ത്രീവിദ്യാഭ്യാസത്തിന്റെ പ്രാധാന്യവും കണ്ടറിഞ്ഞു. ഒരു സ്ത്രീക്ക് വിദ്യാഭ്യാസം ലഭിച്ചാൽ ഒരു കുടുംബം മാത്രമല്ല, അയൽക്കാർകൂടി വിദ്യാഭ്യാസത്തിലേക്കുള്ള വഴി കണ്ടെത്തിത്തുടങ്ങുമെന്ന് ചാവറയച്ചൻ മനസിലാക്കി. അതിന്റെ ബലത്തിലാണ് സ്കൂളുകളിൽ പഠിക്കാൻ പെൺകുട്ടികൾക്ക് പ്രത്യേകമായ സൗകര്യങ്ങൾ ഏർപ്പെടുത്തിയത്.

പട്ടിണിയും ദാരിദ്ര്യവും കേരളീയ സമൂഹത്തിൽ സജീവ സാന്നിധ്യമായിരുന്ന അക്കാലത്ത് ചാവറയച്ചൻ ആ പ്രശ്നങ്ങളെ നേരിടുവാൻ കഠിനപ്രയത്നം ചെയ്തു. ഭക്ഷണവും വസ്ത്രവും മാത്രമല്ല വിദ്യാഭ്യാസവും അവർക്കു നല്കി. അതിന്റെ ഫലമായി ലോകസേവനത്തിനുള്ള തൃഷ്ണ അനേകം അനാഥബാലന്മാരിൽ അങ്കുരിപ്പിക്കുവാൻ ചാവറയച്ചനു സാധിച്ചു. അനാഥരായി അലയാനോ കുറ്റകൃത്യങ്ങളിൽ മുഴുകാനോ സാധ്യതയുള്ള കുരുന്നു ജീവിതങ്ങളെയാണ് ഇതുവഴി ചാവറയച്ചൻ സമൂഹത്തിനു പ്രയോജനമുള്ളവരാക്കിമാറ്റിയത്.

വിവാഹം, മരണം തുടങ്ങിയ മുഹൂർത്തങ്ങൾ അക്കാലത്ത് ദരിദ്രരെ ഒട്ടൊന്നുമല്ല അലട്ടിയിരുന്നത്. അതിൽ അവർക്ക് സാന്ത്വനമരുളുന്നതിനുള്ള സംവിധാനങ്ങൾ ഓരോ ഇടവകയിലും സജ്ജീകരിക്കേണ്ടതാണെന്നു ചാവറയച്ചനു ബോധ്യമായി. അതനുസരിച്ചുള്ള പ്രായോഗിക കർമങ്ങൾ ഇടവകകളിൽ ഏർപ്പാടാക്കുകയും ചെയ്തു. ചെറിയ ചെറിയ തുകകളും ചെറിയ അളവിൽ ധാന്യങ്ങളും എല്ലാ കുടുംബങ്ങളിൽനിന്നും സംഭരിച്ചുകൊണ്ടാണ് നിരന്തരമായ സേവനപരിപാടികൾ നടന്നുപോന്നത്. ഇതുമൂലം പുണ്യകർമങ്ങളിൽ പങ്കാളികളാകാൻ സമൂഹത്തിലെ അധികംപേർക്കും സാധിക്കുകയും ചെയ്തു.

അയൽക്കാരനെ സ്നേഹിക്കാനും അയൽക്കാരനെ ശുശ്രൂഷിക്കാനുമാണ് ദൈവം തന്നെ നിയോഗിച്ചിരിക്കുന്നതെന്ന വിശ്വാസം ചാവറയച്ചനിൽ ബാല്യം മുതൽക്കുതന്നെ ജ്വലിച്ചുനിന്നു. താനല്ല, തന്നിലൂടെ ദൈവമാണ് ആതുരരെ സേവിക്കുന്നതെന്ന് അദ്ദേഹം എപ്പോഴും കരുതുകയും ചെയ്തിരുന്നു. അയൽക്കാർക്കുവേണ്ടി സേവനമനുഷ്ഠിക്കുകയാണ് ദൈവസ്നേഹം ലഭിക്കുന്നതിനുള്ള ഏറ്റവും വിശിഷ്ടമായ മാർഗമെന്ന് ചാവറയച്ചൻ അനുയായികളെ ഓർമിപ്പിച്ചുകൊണ്ടിരുന്നു.

അന്യമതവിശ്വാസികളായ അയൽക്കാർക്കും ആ സേവനത്തിന്റെ ഗുണഫലങ്ങൾ ധാരാളമായി ലഭിച്ചുവന്നു. അതുകൊണ്ടാണ് ജാതി-മത ഭേദമെന്യേ ഏവരും ചാവറയച്ചനെ വണങ്ങാനും ചാവറയച്ചന്റെ സൽക്കർമങ്ങളിൽ പങ്കുകൊള്ളാനും ഉത്സാഹം കാണിച്ചുപോന്നത്. മികച്ച സംഘാടകനായിരുന്ന അച്ചനാകട്ടെ ജനങ്ങളുടെ ആ ഉത്സാഹത്തെ രചനാത്മകമായ കർമപരിപാടികളായി വികസിപ്പിക്കുകയും ചെയ്തു.

അറിവും ചിന്താശീലവുമുള്ള വൈദികനെന്ന നിലയിൽ ചാവറയച്ചൻ ധാരാളം കൃതികൾക്കു രൂപം നൽകിയിട്ടുണ്ട്. അവയിൽ ''ആത്മാനുതാപം'' സവിശേഷ പ്രാധാന്യമർഹിക്കുന്നു. പല ഭാഗങ്ങളുള്ള ആ കാവ്യം ആത്മീയ ജീവിതത്തിന്റെ ഉള്ളറകൾ അനാവരണം ചെയ്യുന്നു. ഈശ്വരാനുഭവം നേടിയിട്ടുള്ള ഒരു ഹൃദയത്തിന്റെ സ്പന്ദനമാണ് വായനക്കാർക്ക് ആ കാവ്യത്തിൽനിന്നു ലഭിക്കുക.

ലൗകിക ജീവിതത്തിന്റെ നശ്വരമായ രംഗങ്ങളിൽനിന്നും ചിത്രങ്ങളിൽനിന്നും അനുവാചകമാനസം സാവധാനത്തിൽ ഉയരുകയും ശാശ്വതമായ ആധ്യാത്മിക രഹസ്യങ്ങളുടെ വിഹായസിൽ എത്തിച്ചേരുകയും ചെയ്യുന്നു. ഇതിനു തുല്യമായ പാരായണാനുഭവം പ്രദാനം ചെയ്യുന്ന കൃതികൾ മലയാളത്തിൽ തുലോം കുറവാണെന്നുകൂടി പ്രസ്താവിച്ചുകൊള്ളട്ടെ. പ്രത്യേക പഠനം അർഹിക്കുന്ന ഒരു വിഷയമാണ് ചാവറയച്ചന്റെ സാഹിത്യസംഭാവനകൾ.

കുമാരനാശാൻ പാടിയതുപോലെ, കേരളം അന്ധകാരത്തിൽ ആണ്ടുകിടന്നിരുന്നൊരു ഘട്ടത്തിൽ – അനാചാരങ്ങളുടെയും ജാതി സ്പർദ്ധയുടെയും വേതാളങ്ങൾ സമൂഹത്തെ ഗ്രസിച്ചിരുന്നൊരു ഘട്ടത്തിൽ– ആധുനിക ജീവിതത്തിന്റെ മൂല്യങ്ങൾ കേരളീയരിൽ അങ്കുരിപ്പിക്കുന്നതിനുവേണ്ടി തന്റെ അസുലഭമായ കർമവൈഭവം മുഴുവൻ സമർപ്പിച്ചുവെന്നതുമൂലമാണ് വാഴ്ത്തപ്പെട്ട ചാവറ കുര്യാക്കോസ് ഏലിയാസച്ചന്റെ ജീവിതം ഇതിഹാസതുല്യമായി വികാസം പ്രാപിച്ചത്.

ഇന്നു തിരിഞ്ഞുനോക്കുമ്പോൾ 19-ാം നൂറ്റാണ്ടിന്റെ കേരള ചരിത്ര ചക്രവാളത്തിൽ ഒരു ശുക്രനക്ഷത്രമായി അദ്ദേഹം തെളിഞ്ഞുല്ലസിക്കുന്നു. ആ ഭാസുര നക്ഷത്രം എന്നുമെന്നും കേരളീയർക്ക് മാർഗദർശകമായിരിക്കും; പ്രചോദകമായിരിക്കും.

*പിഴയ്ക്കാത്ത മനുഷ്യരില്ല*
*പൊറുക്കാത്ത ദൈവവുമില്ല.*



*മടി സർവ ദുർഗുണങ്ങളുടെയും*
*മാതാവാകുന്നു.*